**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5463** **24-03-2025 - ൽ മറുപടിയ്ക്ക്**

**വിവിധ വകുപ്പുകളിലെ ക്ലാർക്ക് ടൈപ്പിസ്റ്റ്/ടൈപ്പിസ്റ്റ് ക്ലാർക്ക് തസ്തികയിലെ വിജ്ഞാപനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | വിവിധ വകുപ്പുകളിൽ നിലവിലുള്ള ക്ലാർക്ക് ടൈപ്പിസ്റ്റ്/ ടൈപ്പിസ്റ്റ് ക്ലാർക്ക് തസ്തികകൾ തുടരേണ്ടതുണ്ടോയെന്നും അല്ലെങ്കിൽ അവയെ ക്ലാർക്ക് തസ്തികകളായി മാറ്റാമോ എന്നും പരിശോധിക്കുന്നതിനായി വകുപ്പുകളിൽ പ്രവൃത്തി പഠനം നടത്തുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; എങ്കിൽ ഉത്തരവിന്റെ പകർപ്പും പ്രവൃത്തി പഠന റിപ്പോർട്ട് ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പും ലഭ്യമാക്കുമോ; | (എ) | ഓഫീസുകളിൽ ഇ-ഓഫീസ് സംവിധാനം നിലവിൽ വന്നതിന്റെ അടിസ്ഥാനത്തിൽ ടൈപ്പിംഗ് ജോലി നിർവ്വഹണത്തിൽ മുൻകാലത്തിൽ നിന്നും മാറ്റം വന്നിട്ടുണ്ട്. ക്ലാർക്ക്-ടൈപ്പിസ്റ്റ് / ടൈപ്പിസ്റ്റ്-ക്ലാർക്ക് തസ്തികകളുടെ നിലവിലുള്ള പി.എസ്.സി റാങ്ക് ലിസ്റ്റുകളുടെ കാലാവധി കഴിഞ്ഞാൽ പ്രസ്തുത തസ്തികകളെ ക്ലാർക്ക് തസ്തികകളാക്കി മാറ്റുവാൻ കഴിയുമോ എന്നു പരിശോധിക്കുന്നതിന് ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ എ.ആർ വിഭാഗത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. (പകർപ്പ് അനുബന്ധമായി ചേർക്കുന്നു) അതിന്റെ അടിസ്ഥാനത്തിൽ വിവിധ വകുപ്പുകളിൽ പ്രവൃത്തി പഠനം നടത്തി വരുന്നുണ്ട്. പഠനം പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ തീരുമാനം കൈക്കൊള്ളാൻ കഴിയുകയുള്ളൂ. ഇക്കാര്യത്തിൽ തീരുമാനം കൈക്കൊള്ളുന്നതുവരെ ക്ലാർക്ക്-ടൈപ്പിസ്റ്റ് തസ്തികയിലേക്ക് വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതില്ല എന്ന് പി.എസ്.സി-യെ അറിയിച്ചിട്ടുണ്ട്. |
| (ബി) | തൃശ്ശൂർ ജില്ല ഉൾപ്പെടെയുള്ള ക്ലാർക്ക് ടൈപ്പിസ്റ്റ്/ ടൈപ്പിസ്റ്റ് ക്ലാർക്ക് (വിവിധ വകുപ്പുകൾ) തസ്തികയിലേയ്ക്ക് പുതിയ പി.എസ്.സി. വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിന് കാലതാമസം നേരിടുന്നതിന് കാരണം വ്യക്തമാക്കാമോ; പ്രസ്തുത തസ്തികയിലേയ്ക്ക് എത്രയും വേഗം വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | ഓഫീസുകളിൽ ഇ-ഓഫീസ് സംവിധാനം നിലവിൽ വന്നതിന്റെ അടിസ്ഥാനത്തിൽ ടൈപ്പിംഗ് ജോലി നിർവ്വഹണത്തിൽ മുൻകാലത്തിൽ നിന്നും മാറ്റം വന്നിട്ടുണ്ട്. ക്ലാർക്ക്-ടൈപ്പിസ്റ്റ് / ടൈപ്പിസ്റ്റ്-ക്ലാർക്ക് തസ്തികകളുടെ നിലവിലുള്ള പി.എസ്.സി റാങ്ക് ലിസ്റ്റുകളുടെ കാലാവധി കഴിഞ്ഞാൽ പ്രസ്തുത തസ്തികകളെ ക്ലാർക്ക് തസ്തികകളാക്കി മാറ്റുവാൻ കഴിയുമോ എന്നു പരിശോധിക്കുന്നതിന് ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ എ.ആർ വിഭാഗത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. (പകർപ്പ് അനുബന്ധമായി ചേർക്കുന്നു) അതിന്റെ അടിസ്ഥാനത്തിൽ വിവിധ വകുപ്പുകളിൽ പ്രവൃത്തി പഠനം നടത്തി വരുന്നുണ്ട്. പഠനം പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ തീരുമാനം കൈക്കൊള്ളാൻ കഴിയുകയുള്ളൂ. ഇക്കാര്യത്തിൽ തീരുമാനം കൈക്കൊള്ളുന്നതുവരെ ക്ലാർക്ക്- |

| | | | |
|---|---|---|---|
| | | | ടൈപ്പിസ്റ്റ് തസ്തികയിലേക്ക് വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതില്ല എന്ന് പി.എസ്.സി-യെ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ-മാതൃഭാഷ"

കേരള സർക്കാർ

നം.ഉപസി3/ 59 /2024-പി.&എ.ആർ.ഡി ഉദ്യോഗസ്ഥ - ഭരണപരിഷ്കാര

(ഉപദേശ - സി) വകുപ്പ്

തിരുവനന്തപുരം,തീയതി :21-08-2024

അനൗദ്യോഗിക കുറിപ്പ്

വിഷയം :- പി.&എ.ആർ.ഡി- വിവിധ വകുപ്പുകളിൽ നിലവിലുള്ള ക്ലർക്ക്-ടൈപ്പിസ്റ്റ് / ടൈപ്പിസ്റ്റ്-ക്ലർക്ക് തസ്തികകൾ തുടരേണ്ടതിന്റെ അനിവാര്യത പരിശോധിക്കുന്നതിലേക്ക് പ്രവൃത്തി പഠനം നടത്തുന്നത് - സംബന്ധിച്ച്.

മേൽ വിഷയത്തിലേയ്ക്ക് ഉദ്യോഗസ്ഥ - ഭരണപരിഷ്കാര (എ.ആർ-6) വകുപ്പിന്റെ ശ്രദ്ധ ക്ഷണിക്കാവുന്നതാണ്. വിവിധ വകുപ്പുകളിൽ നിലവിലുള്ള ക്ല◌ാർക്ക്-ടൈപ്പിസ്റ്റ് / ടൈപ്പിസ്റ്റ്-ക്ല◌ാർക്ക് തസ്തികകളിലേക്കുള്ള നിയമനം സംബന്ധിച്ചും ടി ജീവനക്കാരുടെ സ്ഥാനക്കയറ്റവും കാറ്റഗറി മാറ്റവും സംബന്ധിച്ചുമെല്ലാം അവ്യക്തത ഉള്ളതായി വിവിധ വകുപ്പുകളിൽ നിന്ന് സർക്കാരിനെ അറിയിച്ചിട്ടുള്ള വിഷയം ബഹു.മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. പ്രസ്തുത തസ്തികകളുടെ നിയമനം സംബന്ധിച്ച് നിലവിലുള്ള ഉത്തരവുകൾക്ക് സ്പഷ്ടീകരണം നൽകുന്നതിനൊപ്പം താഴെപ്പറയും പ്രകാരം ബഹു.മുഖ്യമന്ത്രി ഉത്തരവായിരുന്നു.

**'ഇ-ഓഫീസുള്ള സാഹചര്യത്തിൽ നിലവിലുള്ള റാങ്ക് ലിസ്റ്റിന്റെ കാലാവധി കഴിഞ്ഞാൽ ക്ലാർക്ക്-ടൈപ്പിസ്റ്റ്/ടൈപ്പിസ്റ്റ്-ക്ലാർക്ക് തസ്തികകൾ തുടരേണ്ടതുണ്ടോ, അതോ പകരം ക്ലാർക്ക് തസ്തികകളായി മാറ്റാമോ എന്നകാര്യം ഒരു പ്രവർത്തി പഠനം നടത്തി പരിശോധിക്കുക'**

മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വിവിധ വകുപ്പുകളിൽ പ്രവൃത്തി പഠനം നടത്തുന്നതിലേക്ക് വേണ്ട അടിയന്തര നടപടികൾ സ്വീകരിക്കുവാൻ ഉദ്യോഗസ്ഥ - ഭരണപരിഷ്കാര (എ.ആർ.6) വകുപ്പിനോട് ആവശ്യപ്പെടാവുന്നതാണ്.

**ലീന എ**

**ജോയിന്റ് സെക്രട്ടറി**

ഉദ്യോഗസ്ഥ-ഭരണപരിഷ്കാര (എ.ആർ-6) വകുപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**നം.ഉപസി3/ 59 /2024-പി.&എ.ആർ.ഡി** **ഉദ്യോഗസ്ഥ - ഭരണപരിഷ്കാര**

**(ഉപദേശ - സി) വകുപ്പ്**

**തിരുവനന്തപുരം,തീയതി :21-08-2024**

**അനൗദ്യോഗിക കുറിപ്പ്**

വിഷയം :- പി.&എ.ആർ.ഡി- വിവിധ വകുപ്പുകളിൽ നിലവിലുള്ള ക്ലർക്ക്-ടൈപ്പിസ്റ്റ് / ടൈപ്പിസ്റ്റ്-ക്ലർക്ക് തസ്തികകൾ തുടരേണ്ടതിന്റെ അനിവാര്യത പരിശോധിക്കുന്നതിലേക്ക് പ്രവൃത്തി പഠനം നടത്തുന്നത് - സംബന്ധിച്ച്.

മേൽ വിഷയത്തിലേയ്ക്ക് ഉദ്യോഗസ്ഥ - ഭരണപരിഷ്കാര (എ.ആർ-6) വകുപ്പിന്റെ ശ്രദ്ധ ക്ഷണിക്കാവുന്നതാണ്. വിവിധ വകുപ്പുകളിൽ നിലവിലുള്ള ക്ല◌ാർക്ക്-ടൈപ്പിസ്റ്റ് / ടൈപ്പിസ്റ്റ്-ക്ല◌ാർക്ക് തസ്തികകളിലേക്കുള്ള നിയമനം സംബന്ധിച്ചും ടി ജീവനക്കാരുടെ സ്ഥാനക്കയറ്റവും കാറ്റഗറി മാറ്റവും സംബന്ധിച്ചുമെല്ലാം അവ്യക്തത ഉള്ളതായി വിവിധ വകുപ്പുകളിൽ നിന്ന് സർക്കാരിനെ അറിയിച്ചിട്ടുള്ള വിഷയം ബഹു.മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. പ്രസ്തുത തസ്തികകളുടെ നിയമനം സംബന്ധിച്ച് നിലവിലുള്ള ഉത്തരവുകൾക്ക് സ്പഷ്ടീകരണം നൽകുന്നതിനൊപ്പം താഴെപ്പറയും പ്രകാരം ബഹു.മുഖ്യമന്ത്രി ഉത്തരവായിരുന്നു.

**'ഇ-ഓഫീസുള്ള സാഹചര്യത്തിൽ നിലവിലുള്ള റാങ്ക് ലിസ്റ്റിന്റെ കാലാവധി കഴിഞ്ഞാൽ ക്ലാർക്ക്-ടൈപ്പിസ്റ്റ്/ടൈപ്പിസ്റ്റ്-ക്ലാർക്ക് തസ്തികകൾ തുടരേണ്ടതുണ്ടോ, അതോ പകരം ക്ലാർക്ക് തസ്തികകളായി മാറ്റാമോ എന്നകാര്യം ഒരു പ്രവർത്തി പഠനം നടത്തി പരിശോധിക്കുക'**

മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വിവിധ വകുപ്പുകളിൽ പ്രവൃത്തി പഠനം നടത്തുന്നതിലേക്ക് വേണ്ട അടിയന്തര നടപടികൾ സ്വീകരിക്കുവാൻ ഉദ്യോഗസ്ഥ - ഭരണപരിഷ്കാര (എ.ആർ.6) വകുപ്പിനോട് ആവശ്യപ്പെടാവുന്നതാണ്.

**ലീന എ**

**ജോയിന്റ് സെക്രട്ടറി**

ഉദ്യോഗസ്ഥ-ഭരണപരിഷ്കാര (എ.ആർ-6) വകുപ്പ്

ഉത്തരവിൻ പ്രകാരം

സ◌െക്ഷൻ ഓഫീസർ